# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5423 23.05.17 ൽ മറുപടിയ്ക്ക്**

**<u>മത്സരയോട്ടംമൂലം വാഹനാപകടങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ<br>ശ്രീ.പി.കെ. ശശി<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.എം. മുകേഷ് | | ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യബസ്സുകൾ, ടിപ്പർ ലോറികൾ ,സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങൾ എന്നിവയുടെ മത്സരയോട്ടം മൂലം വാഹനാപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിച്ച് സ്വകാര്യവാഹനങ്ങൾ രൂപമാറ്റം വരുത്തുന്നതും ഡ്രൈവറുടെ ശ്രദ്ധ നഷ്ടപ്പെടാനിടയാക്കുംവിധം ഉന്നത ശബ്ദത്തിലുള്ള സൗണ്ട് സിസ്റ്റം വാഹനങ്ങളിൽ ഉപയോഗിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാഹനാപകടങ്ങൾ വർദ്ധിക്കുവാൻ ഇടയാക്കുന്ന പ്രസ്തുത കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മോട്ടോർവാഹന നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതായും, ഉയർന്ന ശബ്ദം പുറപ്പെടുവിക്കുന്ന ഉപകരണങ്ങൾ വാഹനങ്ങളിൽ നിയമവിരുദ്ധമായി ഘടിപ്പിക്കുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണത ഒഴിവാക്കുന്നതിനായി ഇത്തരം വാഹനങ്ങൾക്കെതിരെ പരിശോധന കർശനമാക്കിയിട്ടുണ്ട്. |
| (സി) | രാത്രി സമയങ്ങളിൽ അനുവദനീയമായതിലധികം പ്രകാശ തീവ്രതയുള്ള ലൈറ്റുകൾ ഉപയോഗിക്കുന്നതും ലൈറ്റുകൾ ഡിം ചെയ്യാത്തതും കാൽനടയാത്രക്കാർക്കും മറ്റു ചെറുവാഹനങ്ങൾ ഓടിക്കുന്നവർക്കും ഉണ്ടാക്കുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | അനധികൃതമായ ലൈറ്റ് ഉപയോഗത്തിനെതിരെ മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തുന്നുണ്ട്. 16.05.2017-ന് രാത്രിയിൽ ഇത്തരം വാഹനങ്ങൾക്കെതിരെ സംസ്ഥാനമൊട്ടാകെ നടത്തിയ പരിശോധനയിൽ 1501 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും അനധികൃത ലൈറ്റുകൾ അഴിച്ചുമാറ്റാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് തുടർപരിശോധനകളിലൂടെ മോട്ടോർവാഹന വകുപ്പിന് ഉറപ്പുവരുത്തുവാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**